# Jesus Youth

## JUBILEE 2010

Refined **Renewed Radiant**

**A MISSIONARY MOVEMENT AT THE SERVICE OF THE CHURCH**

# ജീസസ് യൂത്ത് ജൂബിലി പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ജീസസ് യൂത്ത് മുന്നേറ്റവുമായി ബന്ധപ്പെട്ട അങ്ങയുടെ മക്കളായ ഞങ്ങൾക്കു നേരെ, അവിടുന്ന് പ്രകടിപ്പിച്ച അത്ഭുതകരമായ കാരുണ്യത്തെയും സ്നേഹത്തെയും ഓർമ്മിച്ചുകൊണ്ട്, ജൂബിലിയുടെ നിറവിൽ അങ്ങേയ്ക്ക് സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. ജീവിതയാത്രയിൽ അങ്ങ് ഞങ്ങളെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യണമേ.

കർത്താവായ യേശുവേ, തിരുവചനത്തോടും തിരുസഭയുടെ പഠനങ്ങളോടും വിശ്വസ്തരായിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. വിശ്വാസത്തിലും പ്രത്യാശയിലും ഉപവിയിലും വളരുവാനും, അയല്ക്കാരന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. സുവിശേഷം പ്രഘോഷിക്കുക എന്ന വിളിക്കനുസൃതം ജീവിക്കുവാനും, അതുവഴി സർവ്വജനതതിയും അങ്ങയെ രക്ഷകനും ദൈവവുമായി സ്വീകരിക്കുവാനുള്ള വരമേകണമേ.

ഓ, പരിശുദ്ധാത്മാവേ, ഞങ്ങളുടെ ക്രിസ്തീയജീവിതത്തിന്റെ ശക്തിയും ഉറവിടവുമേ, അങ്ങയുടെ ദിവ്യപ്രചോദനങ്ങളോട് തുറവിയുള്ളവരും അവിടുത്തെപ്രതിയുള്ള തീക്ഷ്ണത പങ്കുവയ്ക്കുന്നവരുമാകുവാൻ വേണ്ട കൃപ ഞങ്ങൾക്കരുളണമേ.

ഓ, പരിശുദ്ധ ത്രിത്വമേ, ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തോടും, മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസ്സിസ് അസ്സീസ്സിയോടും ചേർന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ ജൂബിലി, കൃപയുടെ സംവത്സരമായി പരിണമിക്കട്ടെ. അവിടുത്തെ അഗ്നിയാൽ ശുദ്ധി ചെയ്യപ്പെട്ടും, ആത്മാവിനാൽ നവീകരിക്കപ്പെട്ടും, പരിശുദ്ധിയാൽ പ്രോജ്ജ്വലിക്കപ്പെട്ടും കൊണ്ട്, സഭയ്ക്കും സമൂഹത്തിനും ഈ ലോകം മുഴുവനും അനുഗ്രഹമായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ. ആമ്മേൻ